**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1548** **04-07-2022 - ൽ മറുപടിയ്ക്ക്**

**ആശ്വാസ് വാടകവീട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ഗവ.മെഡിക്കൽ കോളേജിൽ ചികിത്സതേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും മിതമായ വാടക നിരക്കിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ആരംഭിക്കുന്ന ആശ്വാസ് വാടകവീട് പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ? | (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും താമസസൗകര്യം ലഭ്യമാക്കുന്നതിന് നടപ്പിലാക്കുന്ന ആശ്വാസ് വാടക വീട് പദ്ധതി പ്രകാരം കണ്ണൂർ ഗവ : മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലത്ത് 106 പേർക്ക് താമസസൗകര്യം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയ്ക്ക് 26/06/2021-ലെ സ.ഉ.(സാധാ)നം. 29/2021/ഭവനം പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ശിലാസ്ഥാപനം 16/04/2022-ന് റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി നിർവഹിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പ്രവർത്തനം തുടങ്ങുന്നതിലേക്കായി കണ്ണൂർ ഗവ : മെഡിക്കൽ കോളേജ് അധികൃതരിൽ നിന്നും ഭൂമി കൈമാറി കിട്ടിയിട്ടില്ല. എത്രയും വേഗം ഭൂമി കൈമാറി കിട്ടുന്ന കാര്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ഭൂമി കൈമാറി കിട്ടിയാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ